"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 18

28.11.2018 ൽ മറുപടിയ്ക്ക്

ക്ഷേത്രപ്രവേശന വിളംബരത്തിന്റെ വാർഷികം

| ചോദ്യം<br>ശ്രീ. കെ. എസ്. ശബരീനാഥൻ<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. എം വിൻസെന്റ് | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | ക്ഷേത്രപ്രവേശന വിളംബരത്തിന്റെ എൺപത്തിരണ്ടാം വാർഷികം 2018 നവംബർ 9 മുതൽ 12 വരെ വിപുലമായ പരിപാടികളോടു കൂടി സർക്കാർ ആചരിക്കുകയുണ്ടായോ; | (എ) | ക്ഷേത്രപ്രവേശനവിളംബരത്തിന്റെ 82-ാം വാർഷികം വിവിധ പരിപാടികളോടെ 2018 നവംബർ 9 മുതൽ 12 വരെ തലസ്ഥാനത്തും വിവിധ ജില്ലകളിലും 12, 13, 14 തീയതികളിൽ ന്യൂഡൽഹിയിലും സംഘടിപ്പിച്ചിട്ടുണ്ട് . |
| (ബി) | എങ്കിൽ എന്തൊക്കെ ആഘോഷപരിപാടികളാണ് ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ നടത്തിയത്; | (ബി) | വാർഷികത്തോടനുബന്ധിച്ച് ചരിത്രപ്രദർശനം, ചരിത്രകാരന്മാരുടെയും സാമൂഹ്യ പ്രവർത്തകരുടെയും മാധ്യമപ്രവർത്തകരുടെയും പങ്കാളിത്തമുള്ള ചെറിയ പ്രഭാഷണങ്ങൾ, ഡോക്യുമെന്ററി പ്രദർശനം, കലാ സാംസ്കാരിക പരിപാടികൾ, കുട്ടികൾക്കുള്ള മത്സരങ്ങൾ, റാലികൾ എന്നീ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനം നേരിട്ട പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ തലത്തിൽ ആഘോഷപരിപാടികൾ ഒഴിവാക്കുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ ഇതിന് വിരുദ്ധമായി ക്ഷേത്രപ്രവേശനവിളംബരത്തിന്റെ വാർഷികം വിപുലമായി ആഘോഷിക്കുവാൻ തീരുമാനിച്ചിരുന്നതിന്റെ പ്രത്യേക സാഹചര്യമെന്താണ്; | (സി) | സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ളതും സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച നടത്തുന്നതുമായ ഫിലിം ഫെസ്റ്റിവൽ , യുവജനോത്സവം , കലോത്സവം വിനോദസഞ്ചാര വകുപ്പിന്റെതുൾപ്പെടെയുള്ള എല്ലാ വകുപ്പുകളുടെയും ആഘോഷപരിപാടികൾ പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 04/09/2018 ലെ സ.ഉ.(കൈ) 195/2018/പൊ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഒരു വർഷത്തേയ്ക്ക് ഒഴിവാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ക്ഷേത്രപ്രവേശനവിളംബരവുമായി ബന്ധപ്പെട്ട പരിപാടികൾ കേവലാർഥത്തിലുള്ള ആഘോഷമെന്ന നിലയിലല്ല മറിച്ച് മതേതരത്വം, സമത്വം, നീതി, വ്യക്തി സ്വാതന്ത്ര്യം തുടങ്ങിയ നവോത്ഥാന മൂല്യങ്ങളും ഭരണഘടനാ മൂല്യങ്ങളും വെല്ലുവിളി നേരിടുന്ന സാമൂഹിക സാഹചര്യത്തിൽ അത്തരം മൂല്യങ്ങളുടെ പ്രസക്തി സംബന്ധിച്ചുള്ള ബോധവത്കരണ പരിപാടിയാണ്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ 150- ◌ാ◌ം ജന്മവാർഷികം ആഘോഷിക്കുന്ന ഈ ഘട്ടത്തിൽ ക്ഷേത്രപ്രവേശനവുമായി ബന്ധപ്പെട്ട പല പ്രക്ഷോഭങ്ങളിലും രാഷ്ട്രപിതാവിന്റെ പങ്ക് നിർണ്ണായകമായിരുന്നു എന്നതു കൂടി പരിഗണിച്ചാണ് ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82- ◌ാ◌ം വാർഷിക പരിപാടികൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചത്. |
| (ഡി) | ഈ സർക്കാർ നിലവിൽ വന്ന ശേഷം ക്ഷേത്രപ്രവേശന വിളംബരത്തിന്റെ വാർഷികം സർക്കാർ തലത്തിൽ ഇതിന് മുമ്പ് ആഘോഷിച്ചിട്ടുണ്ടോ; | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതിന് മുമ്പ് ക്ഷേത്രപ്രവേശനവിളംബരത്തിന്റെ വാർഷികം സർക്കാർ തലത്തിൽ ഇതിന് മുമ്പ് ആഘോഷിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ഈ ആഘോഷപരിപാടികൾക്കായി എന്ത് തുക സർക്കാർ ഖജനാവിൽ നിന്ന് ചെലവാക്കിയെന്ന് വ്യക്തമാക്കുമോ? | (ഇ) | ക്ഷേത്രപ്രവേശനവിളംബരത്തിന്റെ 82-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 01.10.2019-ലെ കണക്ക് പ്രകാരം 64,22,495/-രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ